# ഉക്രൈൻ കടന്നേറ്റത്തിൽ നിന്ന് റഷ്യ പിൻമാറുക.

– വിജയ് സിംഗ്

2022 ഫെബ്രുവരി 24 ന് വ്ളാഡിമിർ പുട്ടിന്റെ നേതൃത്വത്തിലുള്ള റഷ്യൻ ഭരണകൂടം ഉക്രൈനിനെതിരെ യുദ്ധമാരംഭിച്ചു. റഷ്യ കുത്തക മുതലാളിത്തം സ്ഥാപിതമായ സാമ്രാജ്യത്വരാജ്യമാണ്. ചൈനയിലെ സോഷ്യൽ സാമ്രാജ്യത്വവുമായി ചങ്ങാത്തത്തിലുള്ള ഒരു സഖ്യകക്ഷിയാണ് റഷ്യ. അമേരിക്ക, യു.കെ, യൂറോപ്യൻ യൂണിയൻ, നാറ്റോ എന്നിവയെ ആശ്രയിച്ചു നിൽക്കുന്ന ഒരു രാജ്യമാണ് ഉക്രൈൻ. അസോവ് ബറ്റാലിയനെപ്പോലുള്ള പുത്തൻ നാസി ശക്തികളെ ഉപയോഗപ്പെടുത്തി യു.എസ്സും സഖ്യശക്തികളും ഉക്രൈനിനെ മറയാക്കി തങ്ങളുടെ റഷ്യൻ എതിരാളികളുമായി ഒരു പരോക്ഷയുദ്ധം നടത്തുന്നുണ്ട്. ഉക്രൈനിന്റെ മേലുള്ള റഷ്യൻ ആധിപത്യശ്രമത്തിന്റെയും ഇപ്പോഴത്തെ യുദ്ധത്തിന്റെയും പശ്ചാത്തലത്തിൽ റഷ്യയെ അപലപിച്ചുകൊണ്ട് ഉക്രൈനിന്റെ പരമാധികാരത്തിനു വേണ്ടി ചെറുത്തു നിൽക്കുക എന്നതാണ് ശരിയായ നിലപാട്.ഒരു സാമ്രാജ്യത്വ രാജ്യത്തിന്റെ സ്വഭാവങ്ങൾ റഷ്യ പൂർണമായും ആർജിച്ചു കഴിഞ്ഞിരിക്കുന്നു. അവിടെ കുത്തക മുതലാളിത്തം വളരെ കേന്ദ്രീകൃതവും ഗണ്യമായ മൂലധന കയറ്റുമതി സ്വഭാവമുള്ളതുമാണ്. ട്രസ്റ്റുകളും ബാങ്കുകളുമായുള്ള സംലയനത്തിലൂടെ റഷ്യൻ മുതലാളിത്തം സാമ്പത്തിക മൂലധന ദുഷ്പ്രഭുത്വമാർജിച്ചിട്ടുണ്ട്. മറ്റു ആശ്രിത രാജ്യങ്ങളിലേക്ക് മൂലധനക്കയറ്റുമതി ചെയ്യുന്ന സ്വഭാവം റഷ്യ പ്രദർശിപ്പിക്കുന്നുണ്ട്. അതിന്റെ വിദേശ നയത്തിൽ റഷ്യൻ സാമ്രാജ്യത്വ രാഷ്ട്രീയ താൽപര്യം പ്രകടമായി കാണപ്പെടുന്നുണ്ട്. ഗദ്ദാഫി മാറ്റപ്പെട്ടതിനുശേഷം ലിബിയയിൽ റഷ്യ ഇടപെടുകയുണ്ടായി. റഷ്യ സിറിയയിലെ യുദ്ധത്തിൽ പങ്കെടുത്തു. സിറിയയിൽ റഷ്യ ആകാശ – സമുദ്ര ആധിപത്യ കേന്ദ്രങ്ങൾ സ്ഥാപിക്കുകയുണ്ടായി. മധ്യആഫ്രിക്കൻ റിപ്പബ്ലിക്കിലും മാലിയിലും അവർ സജീവമാണ്. രക്ഷാസമിതിയിൽ റഷ്യ ഉത്തരകൊറിയക്കെതിരെയുള്ള ഉപരോധങ്ങളെ പിന്തുണയ്ക്കുകയാണ് ചെയ്തത്.

1999 ൽ "സമീപ വിദേശ രാജ്യങ്ങൾ" എന്നറിയപ്പെട്ട അയൽ രാജ്യങ്ങളായ സൗത്ത് ഒസറ്റിയ, അബ് കാഷ്യ എന്നിവിടങ്ങളിൽ റഷ്യൻ സാമ്രാജ്യത്വസ്വാധീനം സ്ഥാപിക്കപ്പെട്ടു. ട്രാൻസിനിസ്ട്രിയയെ മോൾഡോവായിൽ നിന്ന് മാറ്റുന്നതും അവിടെ സൈനിക കേന്ദ്രം സ്ഥാപിക്കുന്നതും ബലാറസ് കസാക്കിസ്ഥാൻ കൂടാതെ ഡോൺബോസ് 'പീപ്പിൾസ് റിപ്പബ്ലിക്കുകളുടെ രൂപീകരണം ഉക്രൈനിൽ നടപ്പാക്കിയതും എല്ലാം ഈ സ്വാധീനം കാട്ടിത്തരുന്നുണ്ട്. ഈ രാജ്യങ്ങളിലെല്ലാം പുട്ടിൻ നയിക്കുന്ന അർദ്ധ സൈനിക കൊലയാളി ശൃംഖലയായ വാഗ്നർ ഗ്രൂപ്പിന്റെ സജീവ പങ്കാളിത്തം കാണാൻ കഴിയുന്നുണ്ട്. ഉക്രൈൻ ആക്രമണം റഷ്യൻ

സാമ്രാജ്യത്വത്തിന്റെ പ്രധാന സ്വഭാവ വിശേഷവുമായി ബന്ധപ്പെട്ട വിഷയമായിത്തീർന്നു.

സോവിയറ്റ് യൂണിയന്റെ വിഭജനത്തിനു ശേഷം യു.എസ്, ജർമ്മൻ സാമ്രാജ്യത്വങ്ങൾ മധ്യ കിഴക്കൻ യൂറോപ്പിൽ തങ്ങളുടെ സ്വാധീനം വർദ്ധിപ്പിക്കാൻ ശ്രമിച്ചു. അവർ നാറ്റോയുമായി ചേർന്ന് ജർമ്മൻ ഡെമോക്രാറ്റിക് റിപ്പബ്ലിക്കിനെ ആക്രമിച്ചു കീഴടക്കുകയും ദേശീയവൈവിധ്യമുള്ള യൂഗോസ്ലാവിയയെ തകർക്കുകയും ചെക്കോസ്ലോവാക്യയെ രണ്ടായി വിഭജിക്കുകയും 14 പുതിയ ഭരണകൂടങ്ങളെ നാറ്റോയിലേക്ക് ചേർക്കുകയും ചെയ്തു. അതോടൊപ്പം യു.എസ് സാമ്രാജ്യത്വം ദശാബ്ദങ്ങളോളം റഷ്യയുമായി സാമ്പത്തികബന്ധം നിലനിർത്തിയിരുന്ന ജർമ്മൻ സാമ്രാജ്യത്തെ കീഴടക്കുവാൻ ശ്രമിച്ചു. റഷ്യക്കെതിരെ ക്ലിന്റൺ നടത്തിയിരുന്ന ആക്രമണസ്വഭാവമുള്ള നയങ്ങൾ ഇന്ന് ബൈഡന്റെ നേതൃത്വത്തിലുള്ള അമേരിക്ക റഷ്യയുമായി കൊമ്പുകോർത്തുകൊണ്ട് പിന്തുടരുന്നു എന്നത് വ്യക്തമാണ്.

2014 ലെ മൈഡാൻ സംഭവങ്ങളിലൂടെ തിരഞ്ഞെടുക്കപ്പെട്ട റഷ്യൻ പക്ഷപാതിയായ യാനുക്കോവിച്ചിനെ പട്ടാള അട്ടിമറിയിലൂടെ മാറ്റി യുഎസ് അനുകൂലിയായ യാട്സെൻയൂക്കിനെ അവരോധിക്കുകയുണ്ടായി. ഇതിനെത്തുടർന്ന് റഷ്യൻ ശതകോടീശ്വരന്മാരുടെ താൽപര്യത്തിന് വിരുദ്ധമായി പാശ്ചാത്യ സാമ്പത്തിക താല്പര്യപ്രകാരമുള്ള വികസനം നടപ്പാക്കപ്പെട്ടു. യു.എസ് റഷ്യൻ ദേശീയ ന്യൂനപക്ഷത്തിന്റെയും റഷ്യയുടെയും താൽപര്യങ്ങളെ ഹനിച്ചു കൊണ്ട് അതിനു ശേഷം പ്രവർത്തിച്ചു. നാറ്റോ മൈഡാൻ വിപ്ലവ ജനാധിപത്യത്തിന്റെ മറവിൽ അഫ്ഗാനിസ്ഥാനിലേക്ക് സാമഗ്രികൾ കൈമാറുന്ന ഇടനിലമാക്കി ഉക്രൈനിനെ മാറ്റി. 2012 ൽ റഷ്യൻ ഉപപ്രധാനമന്ത്രിയായ ഡിമിത്രി റോഗോസിൻ ഇറാക്കിലേക്കും അഫ്ഗാനിസ്ഥാനിലേക്കും ചരക്കുകൾ ആകാശ ഗതാഗത മാർഗത്തിലൂടെ അയയ്ക്കുന്നതിന് പ്രസ്തുത കേന്ദ്രം ഉപയോഗിക്കുമെന്ന് പ്രഖ്യാപിച്ചു. പുട്ടിന് ലിവെന്നുമായും ഒർബാനുമായും ട്രമ്പുമായും ഉണ്ടായിരുന്ന സൗഹൃദബന്ധങ്ങൾ നമുക്ക് അറിവുള്ളതാണ്.

1954 മുതൽ ഉക്രൈനിന്റെ ഭാഗമായിരുന്ന ക്രിമിയയെ സുരക്ഷിതത്വത്തിന്റെ പേരിൽ റഷ്യൻ മൂലധനം ആക്രമിച്ചു കീഴ്പെടുത്തി. ഉക്രൈൻ ഫെഡറേഷനു കീഴിൽ 2014ലെയും 2015ലെയും ഡോൺസ്ടെക്ക്, ലുഗാസ്ക് പ്രദേശങ്ങൾക്ക് സ്വയം ഭരണാവകാശം നൽകുന്ന മിന്സ്ക് ഉടമ്പടി മാനിക്കപ്പെട്ടില്ല. രണ്ടാമത്തെ ഉടമ്പടി ഫ്രാൻസും ജർമ്മനിയും കൂടി തകർക്കുകയാണ് ഉണ്ടായത്. റഷ്യൻ സൈന്യം കിഴക്കൻ ഉക്രൈനിൽ നിന്ന് പിൻവാങ്ങിയാൽ മാത്രമേ സ്വയം ഭരണാവകാശം നൽകാൻ കഴിയൂ എന്ന വാദമാണ് ഉന്നയിക്കപ്പെട്ടത്.

1987ലെ സെൻസസ് പ്രകാരം ഈ രണ്ടു പ്രദേശങ്ങളിലും 18% റഷ്യക്കാർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഭാഷാപരമായ നിലനിൽപ്പിനു പ്രാധാന്യം കൊടുത്തുകൊണ്ടാണ് സ്റ്റാലിന് കീഴിൽ സോവിയറ്റ് യൂണിയനും സോവിയറ്റ് റിപ്പബ്ലിക്കുകളും രൂപീകരിക്കപ്പെട്ടത്. സോവിയറ്റ് ഉക്രൈന്റെയും സ്വഭാവം ഇതുതന്നെയായിരുന്നു. 1991ൽ ഉക്രൈൻ സ്വതന്ത്ര റിപ്പബ്ലിക് ആയപ്പോഴും സോവിയറ്റ് യൂണിയന്റെ കീഴിൽ ഉണ്ടായിരുന്ന ഭൂമിശാസ്ത്ര അതിർത്തി ഉക്രൈൻ നിലനിർത്തിയിരുന്നു. കിഴക്കൻ ഉക്രൈനിൽ സാറിസത്തിന്റെയും സോവിയറ്റ് ശക്തിയുടെയും കീഴിൽ നടന്ന വ്യവസായവൽക്കരണത്തിന്റെ ഫലമായി വർദ്ധിച്ചിരുന്ന റഷ്യൻ ജനസംഖ്യ സോവിയറ്റ് യൂണിയൻ തകർന്നപ്പോൾ താഴോട്ട് പോവുകയുണ്ടായി. 2001ൽ ലുഗാസ്കിലെ റഷ്യൻ ജനസംഖ്യ 39% വും ഡോൺസ്ക് പ്രദേശങ്ങളിലെ ജനസംഖ്യ 38% വുമായിരുന്നു. ഡോൺബോസ് പ്രദേശത്തിലെ ഉക്രൈൻ ജനങ്ങളും റഷ്യനാണ് സംസാരിക്കുന്നത്. ഇതുമൂലം ഡോൺബാസിലെ താമസക്കാരെല്ലാം റഷ്യക്കാരാണെന്ന റഷ്യൻ ഭരണകൂടത്തിന്റെ വാദം ശരിയല്ല. (കാറ്റലോണിയയെ സ്പെയിനിന്റെ ഭാഗമായി കണക്കാക്കുമ്പോൾ തന്നെ സ്പാനിഷും കാറ്റലോണിയനും അവിടുത്തെ ജനങ്ങളുടെ ഭാഷയാണെന്ന് കാര്യം ഓർമിക്കേണ്ടതാണ്). ക്രൂഷ്ചേവിന്റെയും ബ്രഷ്നേവിന്റെയും നേതൃത്വത്തിൽ ഉക്രൈനിനെ റഷ്യവൽക്കരിക്കുന്നതിനുള്ള ശ്രമങ്ങൾക്ക് തുടക്കം കുറിക്കുകയുണ്ടായി. ബ്രഷ്നേവിന്റെ നേതൃത്വത്തിൽ വിഭിന്ന ദേശീയത നിറഞ്ഞ സോവിയറ്റ് യൂണിയനു പകരം ഏകതാനമായ 'സോവിയറ്റ് രാജ്യം' എന്ന സങ്കല്പം കൊണ്ടുവന്നു. സ്വതന്ത്ര ഉക്രൈനിന്റെ രൂപീകരണത്തിനു ശേഷം ഈ രണ്ടു പ്രദേശങ്ങളിലും റഷ്യക്കാർ ഒരു ന്യൂനപക്ഷമായിരുന്നു എന്ന് കണക്കുകൾ കാണിക്കുന്നു. അവരുടെ അവകാശങ്ങൾ മാനിക്കപ്പെട്ടില്ല. 2014 ന് ശേഷം അസോവ് ബറ്റാലിയന്റെ ലക്ഷ്യം അവരായിരുന്നു. അതിനാൽ അനേകം പേർ കൊല്ലപ്പെട്ടു. അത് റഷ്യൻ ന്യൂനപക്ഷം റഷ്യൻ ഭരണകൂടത്തെ കൂടുതലായി ആശ്രയിക്കുന്നതിലേക്ക് നയിക്കുകയും അങ്ങനെ തങ്ങളുടെ സ്വാധീനവും അധികാരവും പുനസ്ഥാപിക്കുവാൻ അവർ ശ്രമിക്കുകയും ചെയ്തു. ഡോൺബാസിന്റെ ചില പ്രദേശങ്ങളിൽ റഷ്യൻ മൂലധനം 'ജനകീയ റിപ്പബ്ലിക്കുകൾ' സ്ഥാപിച്ചു. കീഴടക്കപ്പെട്ട ഡോൺബാസിലെ ജനങ്ങൾക്ക് റഷ്യൻ പാസ്സ്പോർട്ട് നൽകപ്പെട്ടു. കമ്മ്യൂണിസ്റ്റ് പ്രക്ഷോഭം അതിന്റെ പിന്തുണ റഷ്യയ്ക്ക് നൽകിയപ്പോഴും റഷ്യൻ പട്ടാളം പൂർണമായ നിയന്ത്രണം നിലനിർത്തിയിരുന്നു. അലക്സി മൊസ്ഗോവിയെപ്പോലുള്ള കമ്മ്യൂണിസ്റ്റ് കമാൻഡർമാരെ ഇല്ലാതാക്കിയത് ആത്മാർത്ഥമായി കിഴക്കൻ ഉക്രൈൻ ജനതയുടെ ശക്തി കെട്ടിപ്പടുക്കുന്ന ശ്രമത്തിന് തിരിച്ചടിയാവുകയും അത് റഷ്യൻ ഉക്രൈൻ മൂലധന താൽപര്യത്തിന് വളരെ ഗുണം ചെയ്യുകയുമുണ്ടായി. 2014 നവംബറിലെ ഡോൺസ്ടെക് തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ കമ്മ്യൂണിസ്റ്റുകളെ റഷ്യൻ ഭരണകൂടം അനുവദിച്ചില്ല. ലുഗാൻസ്കിൽ പട്ടാള

നിയമത്തിൻ കീഴിൽ ഒരു രാഷ്ട്രീയ പ്രവർത്തനവും അനുവദിക്കപ്പെട്ടില്ല. ഉക്രൈനിനെതിരെയുള്ള റഷ്യൻ ആക്രമണം, പുട്ടിന്റെ നേരിട്ടുള്ള സംഭാഷണത്തിൽ ബോൾഷെവിക്കുകൾക്കും ലെനിനും സ്റ്റാലിനുമെതിരെ റഷ്യൻ ഭരണകൂടത്തിന്റെ താൽപര്യത്തിന് വിരുദ്ധമായി ഉക്രൈൻ ഭരണകൂടം സ്ഥാപിച്ചതിനെതിരെ, ആക്രമണം നടത്തിയതിന് തൊട്ടു പിറകെയായിരുന്നു. പുട്ടിൻ വാദിച്ചത് ഒരു പൊതുവായ റഷ്യൻ രാജ്യമുണ്ടെന്നും അതിൽ പെട്ടതാണ് ഉക്രൈനുകളും(ലിറ്റിൽ റഷ്യൻസ്), ബെലോറഷ്യക്കാരും (വൈറ്റ് റഷ്യൻസ്), വിശാല റഷ്യക്കാരും എന്നായിരുന്നു. ഉക്രൈനിന്റെ സ്വതന്ത്രമായ ദേശീയപദവി നിഷേധിക്കപ്പെട്ടു. അത് ഒരുകാലത്തും ഉണ്ടായിട്ടില്ല എന്നും അത് ബോൾഷെവിക്കുകാരുടെ ഒരു സൃഷ്ടിയാണെന്നും ആയിരുന്നു പുട്ടിന്റെ വാദം. ലെനിൻ റഷ്യൻ 'ഭൂപ്രദേശത്തെ' സേവിച്ചുകൊണ്ട് ഉക്രൈൻ ഭരണകൂടം സൃഷ്ടിക്കുകയാണ് ഉണ്ടായതെന്നും ആരോപണമുണ്ടായി. ഇത് കടുത്ത വലതുപക്ഷ ഫാസിസ്റ്റ് ചിന്താഗതി റഷ്യയിൽ നിലനിൽക്കുന്നതിനും ഉക്രൈനിന്റെ ഭൂരിപക്ഷം പ്രദേശവും റഷ്യയോട് കൂട്ടിച്ചേർക്കണം എന്ന വാദമുയരുന്നതിനും കാരണമായി.

പുട്ടിൻ ശരിയായി പറഞ്ഞതുപോലെ ഉക്രൈൻ സ്റ്റേറ്റിന്റെ രൂപീകരണത്തിന് വേണ്ടി ലെനിൻ വാദിക്കുകയുണ്ടായി. സോവിയറ്റ് യൂണിയന്റെ രൂപീകരണത്തിന്റെ അടിസ്ഥാന സങ്കല്പമായ ദേശീയതകളുടെ സ്വയം നിർണയാവകാശ സങ്കൽപത്തിന്റെയും സ്വാതന്ത്ര്യ സങ്കല്പത്തിന്റെയും ഭാഗമായിരുന്നു ആ തീരുമാനം. ആസ്ട്രോ–ഹങ്കേറിയൻ സാമ്രാജ്യത്വത്തിന്റെയും പിന്നീട് പോളണ്ട് അധിനിവേശത്തിന്റെയും ഭാഗമായി ഒന്നാം ലോകമഹായുദ്ധകാലത്ത് മാറിയ ചില ഭാഗങ്ങൾ മഹത്തായ രാജ്യസ്നേഹയുദ്ധത്തിനുശേഷം സ്റ്റാലിൻ റഷ്യയോട് കൂട്ടിച്ചേർത്തു. അപ്പോൾ തന്നെ ഉക്രൈൻ ദേശീയ അതിർത്തിയുടെ ഐക്യം കാപാർത്തിയൻ ഉക്രൈനും കൂടി കൂട്ടിച്ചേർത്തുകൊണ്ട് സംരക്ഷിക്കപ്പെടുകയുണ്ടായി. ഉക്രൈൻ യുദ്ധത്തിനെ പിന്തുണയ്ക്കുന്ന റഷ്യൻ ഫെഡറേഷനിലെ കമ്മ്യൂണിസ്റ്റ് പാർട്ടി ദേശീയ വിഷയത്തിൽ ലെനിന്റെയും സ്റ്റാലിന്റെയും പാരമ്പര്യമല്ല പിന്തുടരുന്നത്. സി.പി.ആർ.എഫ് .വാദിക്കുന്നത് ആ വ്യാവസായിക പ്രദേശങ്ങൾ ഒരുകാലത്തും ഉക്രൈനിന്റെ ഭാഗമായിരുന്നില്ല എന്നും ലൂഗാൻസ്കും ഡോൺസ്ടെക്കും ഉക്രൈനോട് ലെനിനാണ് കൂട്ടിച്ചേർത്തത് എന്നുമാണ്. (Vyacheslav Tetekin, What is Happening in Ukraine? New Worker, No. 2152, London, pp. 5-6.). 1897 മുതൽ 2001 വരെയുള്ള സെൻസസ് സ്റ്റാറ്റിസ്റ്റിക്സ് പ്രകാരം ഈ പ്രസ്താവന തെറ്റാണെന്ന് കാണാവുന്നതാണ്.

പുട്ടിൻ പറയുന്നതിന് വിരുദ്ധമായി മാക്സിം ലഡൂർ വാദിക്കുന്നത് ലെനിനും സ്റ്റാലിനും ഉക്രൈൻ ദേശീയതയെ അംഗീകരിച്ചിരുന്നു എന്നാണ്. സ്റ്റാലിൻ

ദേശീയതയെ നിർവചിച്ചതിനെക്കുറിച്ച് ലെനിനുള്ള ധാരണ അനുസരിച്ച് ഉക്രൈൻ എന്ന ദേശീയത നിലനിന്നിരുന്നു എന്നു കാണാവുന്നതാണ്. ഒരു ദേശീയത എന്നത് "ചരിത്രപരമായി സംഘടിപ്പിക്കപ്പെട്ട സ്ഥിരം ജനതയുടെ കൂട്ടായ്മയും പൊതു ഭാഷയുടെ അടിസ്ഥാനത്തിലും അതിർത്തിയുടെയും സാമ്പത്തിക ജീവിതക്രമത്തിന്റെയും മാനസിക മനോഭാവത്തിന്റെയും പ്രത്യക്ഷീകൃത രൂപമായ പൊതു സംസ്കാരം ആണെന്നാണ്" സ്റ്റാലിന്റെ ദേശീയതയെക്കുറിച്ചുള്ള നിർവചനം. ഈ നിർവചനം ലെനിനും ബോൾഷെവിക്കുകളും അംഗീകരിച്ചതാണ്. പുരാതന റസ് സമൂഹത്തിൽ നിന്നും ഉരുത്തിരിഞ്ഞ മൂന്ന് വ്യത്യസ്ത ഭാഷകളുടെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ ദേശീയതകളാണ് റഷ്യനും ഉക്രൈനും ബലോ റഷ്യനും.

1897 ലെ സെൻസസ് അനുസരിച്ച് 19 ആം നൂറ്റാണ്ടിന്റെ അവസാനത്തിൽ ഉക്രൈൻ ആധുനിക ഡോൺടെസ്ക്, ലുഗാൻസ്ക് പ്രവിശ്യകളുടെ മേൽ അധീശത്വം നേടിയിരുന്നു (എക്കാടെറിനോസ്ലാവും കാർക്കോവ് പ്രൊവിൻസ് കളും). ഇവിടെ റഷ്യക്കാർ 18% ഉണ്ടായിരുന്നു. അതുകൊണ്ട് വളരെ പൂർവികമായി തെക്കു കിഴക്കൻ ഉക്രൈൻ പ്രദേശങ്ങൾ റഷ്യയുടെ ഭാഗമായിരുന്നു എന്ന കാഴ്ചപ്പാട് വളരെ സംശയാസ്പദമാണ്. നൂറു കൊല്ലത്തിനു മുകളിലായി ഈ പ്രദേശങ്ങൾ ഉക്രൈനിന്റെ ഭാഗം തന്നെയാണ്. അത് ഒരു സ്വതന്ത്ര റിപ്പബ്ലിക്കും ആയിരുന്നു. ഫലത്തിൽ ഈ ഭൂഭാഗം ഉക്രേനിയൻ സംസാരിക്കുന്നവരുടെ ആധിക്യമുള്ളതും റഷ്യൻ വംശീയതയ്ക്ക് രണ്ടാം സ്ഥാനം മാത്രമുള്ളതുമായ പ്രദേശങ്ങളാണ്. (ആന്റിവാർ റെസല്യൂഷൻ, നോവോറോസിയ റഷ്യൻ ഉക്രൈൻ, 2014, സോഷ്യൽ സ്റ്റാറ്റിറ്റിക്സ്, ഉക്രൈൻ http://left.by/archives/3035. റഷ്യനിൽ നിന്ന് തർജ്ജമ ചെയ്തത് .(ഈ കണക്കുകൾ ക്ലാസ്വച്ച്മാൻ, ഇബർ ലിയൂബഷെങ്കോ എന്നിവർ അംഗീകരിച്ചതും ദി മൈഡാൻ അപ്രൈസിംഗ്, സെപ്പറേറ്റിസം, ഫോറിൻ ഇൻററവേഷൻ, എന്ന ആഡം ബക്ള്ർ എഴുതിയ ബോർഡേഡ് വിത്ത് ബോർസൽ ലാൻഡ്, ദി കൾച്ചറൽ ആൻഡ് എത്നിക് ഡൈവേഴ്സിറ്റി ഒഫ് ഉക്രൈൻ എന്ന ലേഖനം ഫ്രാങ്ക്ഫർട്ട് ആമ്മയിൽ പ്രസിദ്ധീകരിച്ചതാണ് (2014) (പേജ്: 87 – 118 ) .

മുതലാളിത്തത്തെ ന്യായീകരിക്കുന്ന ആൾ നമ്മളെ പോളണ്ടും ഉക്രൈനും തമ്മിലുള്ള യുദ്ധത്തിലേക്ക് പ്രേരിപ്പിക്കും. (eg വിശാല റഷ്യയുടെ പിതൃ ഭൂമിയാണ് പോളണ്ട് എന്ന വാദം അയാൾ ഉയർത്താം) ഈ മനോഭാവം അഭിമാനമില്ലാത്ത വെറുപ്പ് ഉയർത്തുന്ന പാദസേവ മനോഭാവം വെച്ച് പുലർത്തുന്ന മൂർഖന്മാർക്കു മാത്രമേ പറയാൻ കഴിയൂ.(ഓൺ ദി നാഷണൽ പ്രൈഡ് ഓഫ് ദി ഗ്രേറ്റ് റഷ്യൻസ്, ലെനിൻ സമാഹൃതകൃതികൾ, വോളിയം 2 പേജ് 14) . ലെനിൻ തുടരുന്നു: ഉക്രൈനിന്റെ സ്വതന്ത്ര അധികാരം ആർ.എസ്.എഫ്.എസ്.ആർ സെൻട്രൽ കമ്മിറ്റിയും റഷ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയും അംഗീകരിച്ചിട്ടുള്ളതാണ്. അതുകൊണ്ട് തന്നെ പൊതുവായി വ്യക്തമായതും അംഗീകരിക്കപ്പെട്ടിട്ടുള്ളതുമായ കാര്യം ഉക്രൈൻ

തൊഴിലാളികളും കർഷകരും ആൾ ഉക്രൈൻ കോൺഗ്രസ് സോവിയറ്റിൽ എടുക്കുന്ന തീരുമാനമനുസരിച്ച മാത്രമായിരിക്കും ആ രാജ്യം റഷ്യയോട് ചേർന്ന് നിൽക്കണോ എന്നതും ഏതുതരം ഫെഡറൽ ബന്ധം റഷ്യയുമായി ഉണ്ടാകണമെന്ന് തീരുമാനിക്കുന്നതുമെന്ന് ഇതിൽ നിന്നും വ്യക്തമാണ്. (ലെനിൻ ടു വർക്കേഴ്സ് ആൻഡ് പെസൻസ് ഓഫ് ഉക്രൈൻ, Apropos of the Victories Over Denikin", Lenin, Collected Works, Vol. 30, pp. 292 and 295).

സ്റ്റാലിൻ അഭിപ്രായപ്പെട്ടു: ഉക്രേനിയൻ റിപ്പബ്ലിക്കും ഉക്രേനിയൻ ദേശീയതയും ജർമ്മനിയുടെ കണ്ടുപിടിത്തങ്ങൾ ആണെന്ന് അഭിപ്രായം ഈ അടുത്ത കാലത്താണ് ഉയർന്നുവന്നത്. പക്ഷേ ഉക്രൈനിയൻ ദേശീയത ഉണ്ടായിരുന്നു എന്നത് വ്യക്തമാണ്, ആ സംസ്കാരത്തെ പ്രോത്സാഹിപ്പിക്കേണ്ടത് കമ്മ്യൂണിസ്റ്റുകാരുടെ കടമയാണ്. ചരിത്രത്തിനെതിരെ പോകുവാൻ നിങ്ങൾക്ക് കഴിയില്ല. ഉക്രൈനിയൻ നഗരങ്ങളിൽ റഷ്യൻ സംസ്കാര സ്വഭാവങ്ങൾ മേൽക്കോയ്മ നേടുന്നെങ്കിലും കാലാന്തരത്തിൽ ഈ നഗരങ്ങൾ ഉക്രൈൻ സ്വഭാവത്തിന്റെ കീഴിലാക്കുന്നതാണ്. (സ്റ്റാലിൻ കൃതികൾ :വോളിയം 5, പേജ്: 48 – 49 )

ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന യുദ്ധത്തിന്റെ സ്വഭാവം എന്താണ് ? ഒരുഭാഗത്ത് ഈ യുദ്ധം അന്തസ്സാമ്രാജ്യത്വ സ്വഭാവമുള്ളതും യു.എസ്, യു.കെ, ഇ.യു, നാറ്റോ എന്നിവ ഉൾക്കൊള്ളുന്നതും മറുഭാഗത്ത് റഷ്യൻ സാമ്രാജ്യത്വവുമായുള്ളതുമാണ്. മറുവശത്ത് , ഉക്രൈൻ എന്ന പരമാധികാര രാഷ്ട്രത്തിനെതിരെയുള്ള റഷ്യൻ സൈനിക കടന്നേറ്റത്തിനു ശേഷമുള്ള യുദ്ധം റഷ്യൻ സാമ്രാജ്യത്വത്തിനെതിരെയുള്ള ഉക്രേനിയൻ ജനതയുടെ ദേശീയ യുദ്ധമാണ്. വലതുപക്ഷ ഭരണം നിലനിൽക്കുന്ന ഈ രാജ്യങ്ങളെ ജനാധിപത്യ ശക്തികൾക്ക് പൂർണമായി അംഗീകരിക്കാൻ കഴിയില്ല. ഉക്രൈനിന്റെ കാര്യത്തിൽ അവിടുത്തെ ഭരണകൂടം പാശ്ചാത്യ സാമ്രാജ്യത്വ ശക്തികളെ ആശ്രയിച്ചുള്ളതും പുത്തൻ നാസിസത്തെ പ്രോത്സാഹിപ്പിക്കുന്നതുമാണ്. റഷ്യൻ സാമ്രാജ്യത്വമാകട്ടെ പുട്ടിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നത് പ്രതിലോമകാരികളായ , ഫാസിസ്റ്റ് തത്ത്വചിന്ത പ്രചരിപ്പിക്കുന്ന ഇവാൻ ഇല്ലിനും അലക്സാണ്ടർ സുഗിനും നിർദ്ദേശിക്കുന്ന പരിധിക്കുള്ളിൽ നിന്നുകൊണ്ടാണ്. റഷ്യൻ ഫെഡറേഷനിലെ ക്രൂഷ്ചേവൈറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയെ പുട്ടിൻ പിന്തുണയ്ക്കുന്നു. പുട്ടിന് റഷ്യൻ "കമ്മ്യൂണിസ്റ്റു"കളുടെയും ഫാസിസ്റ്റുകളുടെയും പിന്തുണ ലഭിക്കുന്നു.

കിഴക്കൻ ഉക്രൈനിലും റഷ്യൻ ഭാഷയുടെ പ്രചാരം സാറിന്റെയും സോവിയറ്റ് യൂണിയന്റെയും വ്യവസായവൽക്കരണത്തോടനുബന്ധിച്ചുണ്ടായതാണ്. സുലഭമായ ഇരുമ്പ് കൽക്കരി അയിരുകളുടെ അടിസ്ഥാനത്തിലുള്ള ഈ പ്രദേശത്തെ ലോഹ വ്യവസായത്തിന്റെ വളർച്ചയുടെ

അടിസ്ഥാനത്തിലായിരുന്നു അത്. സാറിസ്റ്റ്, സോവിയറ്റ് ഭരണകാലത്തെ പ്രധാന വ്യവസായ കേന്ദ്രമായിരുന്നു ഡോൺ ബാസ് പ്രദേശം. യൂറാലിലെ മാഗ്നിറോ ഗോർസ്ക് രണ്ടാം വ്യാവസായിക കേന്ദ്രമായിത്തീരുന്നതുവരെ ആ സ്ഥാനം നിലനിന്നിരുന്നു.

പുട്ടിന്റെ റഷ്യയുടെ യുദ്ധത്തിനെതിരെയുള്ള ശക്തികളുമായി പ്രായോഗികമായി ഐക്യം സ്ഥാപിക്കേണ്ടത് പ്രധാന ആവശ്യകതയായി ത്തീർന്നിരിക്കുന്നു. ഉക്രൈൻ ആക്രമണത്തിനെതിരെ റഷ്യൻ സാമ്രാജ്യത്വ വിരുദ്ധ നയം സ്വീകരിക്കുന്ന, അന്താരാഷ്ട്ര സ്വഭാവം പ്രദർശിപ്പിക്കുന്ന റഷ്യൻ കമ്മ്യൂണിസ്റ്റ് വിഭാഗത്തെ പിന്തുണയ്ക്കേണ്ടുന്നതുണ്ട്. ആ വിഭാഗം ചൂണ്ടിക്കാണിക്കുന്നത് തികച്ചും ശരിയാണ്. അവർ പറയുന്നു:"കമ്മ്യൂണിസ്റ്റ്വിരുദ്ധതയുടെ മുന്നണിപ്പോരാളികളായി നിലക്കൊള്ളുന്ന രാഷ്ട്രങ്ങൾക്ക് പുത്തൻ നാസിസത്തെ ഉൻമൂലനം ചെയ്യുക എന്ന കർത്തവ്യം ഏറ്റെടുത്ത് നിർവഹിക്കാനാവില്ല." പുട്ടിൻ നടത്തുന്ന യുദ്ധത്തെ എതിർക്കുന്ന റഷ്യയിലെ ജനശക്തികളോട് പ്രായോഗികമായി എല്ലാ വിധത്തിലുമുള്ള ഐക്യദാർഢ്യം പ്രകടിപ്പിക്കേണ്ടതുണ്ട് എന്നത് പരമപ്രധാനമാണ്. തൊഴിലെടുത്തു ജീവിക്കുന്ന സാധാരണ ജനങ്ങൾക്കുമേൽ തുറന്ന ഭീകരസ്വേച്ഛാധികാരം സ്ഥാപിക്കുന്നതിനുള്ള പാത ആത്മവിശ്വാസത്തോടെ പിന്തുടരുന്ന , എല്ലാ സാമൂഹ്യ പുരോഗതിയെയും , ബൂർഷ്വാ ജനാധിപത്യത്തെപ്പോലും അടിച്ചമർത്തുന്ന ഭരണകൂടങ്ങൾക്ക് ഒരിക്കലും" ഫാസിസ്റ്റ്വിരുദ്ധം " ആകാൻ കഴിയില്ല. അവരുടെ നയങ്ങൾ ഫാസിസ്റ്റ് വിരുദ്ധ നയങ്ങൾക്ക് കടകവിരുദ്ധമാണ്." (യുനൈറ്റഡ് കമ്മ്യൂണിസ്റ്റ് ഇന്റർ നേഷനലിസ്റ്റുകളുടെ പ്രസ്താവന). ഉക്രൈനിലെ ഭരണകൂടം അറുപിന്തിരിപ്പനാണെങ്കിലും റഷ്യൻ കടന്നാക്രമണത്തിനെതിരെ ദേശീയ പ്രതിരോധ ശക്തികൾ സജീവമാണ്. സാമ്രാജ്യത്വത്തിനെതിരെ ഒരു ജനാധിപത്യ ദേശീയ ഐക്യമുന്നണി ഉണ്ടാക്കുന്നതിന് തൊഴിലാളി വർഗത്തിന്റെയും കർഷകരുടെയും അധ്വാനിക്കുന്ന എല്ലാ ജനവിഭാഗങ്ങളുടെയും ഐക്യം കെട്ടിപ്പടുക്കേണ്ടത് ആവശ്യമാണ്. പിന്തിരിപ്പനായ സാമ്രാജ്യത്വ – പ്രാദേശിക ശക്തികളെ ഒരു പോലെ എതിർക്കുന്ന ഒരു യഥാർഥ ദേശീയ സമരമുന്നണിക്കു മാത്രമേ ഉക്രേനിയൻ രാഷ്ട്രത്തെ സ്വാതന്ത്ര്യത്തിലേക്ക് നയിക്കാൻ കഴിയൂ.

ഉക്രൈനിൽ നിന്ന് പിൻമാറുക ! യുദ്ധം നിർത്തുക ! അമേരിക്കൻ , ബ്രിട്ടീഷ് , യൂറോപ്യൻ യൂണിയൻ , നാറ്റോ സാമ്രാജ്യത്വ വാദികൾ തുലയട്ടെ! റഷ്യൻ – ഉക്രേനിയൻ ജനാധിപത്യ ശക്തികൾ നീണാൾ വാഴട്ടെ ! റഷ്യൻ സാമ്രാജ്യത്വം ഉക്രൈന് നഷ്ടപരിഹാരം നൽകുവാൻ നിർബന്ധിതമാകട്ടെ!